അനുബന്ധം - എച്ച് 4

നോട്ടീസ്

[കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാന്വൽ 53 (4)-ാം ഖണ്ഡിക കാണുക]

ശ്രീ.കിഴക്കൂടൻ അജിത് മോഹനൻ, അസിസ്റ്റന്റ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് കാസർഗോഡ് സബ് ഡിവിഷൻ, കാസർഗോഡ് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോടു നിർദ്ദേശിച്ചു കൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് 17/01/2023-ാം തീയതിയിലെ ബി2-73826/2022/സിഇ നമ്പർ പ്രകാരം 19/01/2023 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന ലഭ്യമായ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ Absent എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേക്കു മടക്കിയിരിക്കുന്നു. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ പ്രതിവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുൻപ് ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കമലേശ്വരം, മണക്കാട്.പി.ഒ, തിരുവനന്തപുരം-695009-ൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ മേൽ വിലാസം നൽകി കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിൻമേലോ വാങ്ങാവുന്നതാണ്.

Office of the Chief Engineer, Harbour Engineering Dept. Manacaud P.O., Thiruvananthapuram-695009

(ഒപ്പ്/-)
ചീഫ് എഞ്ചിനീയർ
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കമലേശ്വരം,
മണക്കാട്.പി.ഒ, തിരുവനന്തപുരം-695009

ശ്രീ.കിഴക്കൂടൻ അജിത് മോഹനൻ
കിഴക്കൂടൻ ഹൗസ്
കുട്ടനെല്ലൂർ.പി.ഒ
കറവപ്പടി, തൃശ്ശൂർ-680662.

T3/SAJ